## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 635** **09.02.2016-ൽ മറുപടിയ്ക്ക്**

### പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ

**ചോദ്യം**
പ്രൊഫ.സി.രവീന്ദ്രനാഥ്

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വേണ്ടി വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; ഹോസ്റ്റൽ പ്രവർത്തനമാരംഭിച്ചോ; | എ) | പട്ടികവർഗ്ഗ ഗോത്രവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾ, വനിതകൾ എന്നിവർക്കായി എറണാകുളം ജില്ലയിലെ ഫോർഷോർ, മാരംപള്ളി എന്നിവിടങ്ങളിലായി രണ്ട് വിവിധോദ്ദേശ്യ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്.<br>നഗരങ്ങളിലും ഗ്രാമപ്രദേശത്തും പ്രശസ്ത സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന, വനിതകൾക്കും അപ്രന്റീസ് പരിശീലകർക്കും, തൊഴിൽ ചെയ്യുന്ന വനിതകൾക്കും അവരുടെ 18 വയസ്സുവരെയുള്ള പെൺമക്കൾക്കും 5 വയസ്സുവരെയുള്ള ആൺമക്കൾക്കും അമ്മമാർക്കൊപ്പം സുരക്ഷിതമായ താമസ സൗകര്യം ഒരുക്കുക എന്നതാണ്. ടി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ഹോസ്റ്റലുകൾക്ക് വേണ്ടി നീക്കിവച്ച തുക എത്ര; ട്രഷറിയിൽ നിന്ന് പിൻവലിക്കാതെ ബാക്കികിടക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ; | ബി) | 100% കേന്ദ്ര സഹായ പദ്ധതിയായ ടി ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായി 299.82 ലക്ഷം രൂപ 2015-16 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>ടി പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തി പ്രാരംഭ ഘട്ടത്തിലായതിനാൽ ടി തുക ട്രഷറിയിൽ നിക്ഷേപിച്ചിരിയ്ക്കുകയാണ്. നിർമ്മാണം പുരോഗമിയ്ക്കുന്ന മുറയ്ക്ക് ടി തുക ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതാണ്. |
| സി) | ഹോസ്റ്റൽ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ സഹായം ലഭിച്ചിരുന്നോ; എങ്കിൽ ലഭിച്ച തുകയുടെ കണക്ക് നൽകാമോ ? | സി) | 100% കേന്ദ്രസഹായം ഉപയോഗിച്ചുള്ള പദ്ധതിയാണിത്. അതനുസരിച്ച് ഓരോ ഹോസ്റ്റലിനും കേന്ദ്രം അനുവദിക്കുവാനായി അംഗീകരിച്ചതും ലഭ്യമാക്കിയിട്ടുള്ളതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**1) ഫോർഷോർ, എറണാകുളം**<br>അംഗീകൃത തുക = 667.89826 ലക്ഷം രൂപ<br>ലഭ്യമായ തുക = 333.95 ലക്ഷം രൂപ<br>**2) മാരംപള്ളി, എറണാകുളം**<br>അംഗീകരിച്ച തുക = 622.77364 ലക്ഷം രൂപ<br>ലഭ്യമായ തുക = 311.38682 ലക്ഷം രൂപ |

സെക്ഷൻ ഓഫീസർ